പമ്പിംഗ് മെയിനിന് ആവശ്യമായ പൈപ്പുകളും വിതരണ ശൃംഖലയ്ക്ക് വേണ്ട പൈപ്പിന്റെ ഭൂരിഭാഗവും ലഭിച്ചിട്ടുണ്ട്. ഈ പണികൾ 12/2000 ത്തോടുകൂടി പൂർത്തീകരിക്കും. കണ്ടാണശ്ശേരി പഞ്ചായത്തിൽ ചിറനെല്ലൂർ ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 4.45 ലക്ഷം ലിറ്റർ ശേഷിയുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ പണികൾ നടന്നുവരുന്നു. പമ്പിംഗ് മെയിനിനും വിതരണ ശൃംഖലയ്ക്കാവശ്യമായ പൈപ്പിന്റെ ഭൂരിഭാഗവും ലഭിച്ചിട്ടുണ്ട്. കുഴൽക്കിണറിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. നെതർലാന്റ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന പാവറട്ടി വിതരണ പദ്ധതിയിൽ കുന്നംകുളം നിയോജക മണ്ഡലത്തിലെ പോർക്കുളം പഞ്ചായത്ത് മാത്രമാണ് ഉൾപ്പെടുന്നത്. ഈ പഞ്ചായത്തിലെ 90 ശതമാനം ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം 50.25 കി.മീറ്റർ ജലവിതരണ ശൃംഖലയുടേയും 4.25 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടേയും പണികൾ പൂർത്തിയായിക്കഴിഞ്ഞു. ഹെഡ്‌വർക്സിന്റെ പണി പൂർത്തിയാകുന്നതോടുകൂടി 2000 ജൂണിൽ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ പോർക്കളം പഞ്ചായത്തിലെ ഉദ്ദേശം ഒന്നരലക്ഷം പേർക്കു 99 പൊതുടാപ്പുകളിൽക്കൂടി ശുദ്ധജലം ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

(13) തൃത്താല മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

ശ്രീ. വി.കെ. ചന്ദ്രൻ : സർ, തൃത്താല അസംബ്ലി മണ്ഡലത്തിലെ ഭൂരിപക്ഷം പ്രദേശവും ഒരു കാർഷിക മേഖലയാണ്. ഭാരതപ്പുഴയെ ആശ്രയിച്ചു കൊണ്ടാണ് ഇവിടെ കൃഷി ചെയ്യുന്നത്. ഭാരതപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉപയോഗപ്പെടുത്തി കൃഷിചെയ്യുന്ന ആയിരക്കണക്കിനു കൃഷിക്കാർ വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. ഇവിടെ 1979 മുതൽ ആരംഭിക്കപ്പെട്ട തൃത്താല തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ തിരുവേഗപ്പുറ പഞ്ചായത്തിലെ മോതിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഏതാണ്ട് ഇതേ കാലത്തുതന്നെ ആരംഭിച്ചതാണ്; ഇതുവരെയായിട്ടും അതിന്റെ പ്രവൃത്തിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി ആരംഭിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളായ തൃത്താല, പട്ടിത്തറ, കൂടല്ലൂർ, ആനക്കര, കണ്ണുന്നൂർ, ഞങ്ങാട്ടിരി, തിരുമിറ്റക്കോട്, കാലടിക്കുന്ന്, നരിപ്പറ്റക്കുന്ന്, വെള്ളിയാങ്കൽ കടവ്, കൂട്ടക്കടവ്, ഉമ്മത്തൂർ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പകുതിയോളം വരുന്ന ലിഫ്റ്റ് ഇറിഗേഷനും ഏറെക്കുറെ മോട്ടോറുകൾ പ്രവർത്തിക്കുന്നില്ല. ഒന്നുകിൽ മോട്ടോറുകളുടെ തകരാറ്, അല്ലെങ്കിൽ പമ്പിംഗിന്റെ തകരാറ് ആയതുകൊണ്ട് ഈ പ്രദേശത്തുള്ള ലിഫ്റ്റ് ഇറിഗേഷനുകളെ ആശ്രയിച്ച് ഇവിടത്തെ കൃഷിക്കാർക്ക് കൃഷി ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇതിനുമുൻപു തന്നെ ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. ചാലക്കുടിയിലുള്ള ഇലക്ട്രിക്കൽ വിങ്ങാണ് ഇതിന്റെ റിപ്പയറിംഗ് നടത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ എല്ലാം റിപ്പയറിങ്ങിനുവേണ്ടി പണം അനുവദിക്കുന്നുണ്ടെങ്കിലും യഥാസമയം ചാലക്കുടി ഇലക്ട്രിക്കൽ വിംഗ് റിപ്പയർ നടത്താത്തതുകൊണ്ട് മോട്ടോറുകളും പമ്പുകളും പ്രവർത്തിക്കുന്നില്ല. ഷൊർണ്ണൂരിൽ ഇതിന്റെ ഇലക്ട്രിക്കൽ വിംഗ് ആരംഭിക്കാൻ വേണ്ടി ബഹു. മന്ത്രി നിർദ്ദേശിച്ചിരുന്നു. പക്ഷേ ഇതുവരേയും

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിച്ചിട്ടില്ല. അടിയന്തിരമായും മോട്ടോറുകളും പമ്പുകളും റിപ്പെയർ ചെയ്ത് കൃഷിക്ക് അനുയോജ്യമാക്കി മാറ്റുന്നതിനുവേണ്ടി ആവശ്യമായ തുക അനുവദിക്കണമെന്ന് ഞാൻ ബഹു. ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, തൃത്താല നിയോജകമണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസ് വൈദ്യുതീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത സ്കീമിന്റെ കനാലുകൾ വർഷങ്ങൾക്കുമുമ്പ് പണി പൂർത്തിയാക്കിയവയാണ്. ആയതിനാൽ പ്രസ്തുത കനാലുകളിലെ ചെളി നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. ചെളി നീക്കം ചെയ്ത് അറ്റകുറ്റപ്പണികളും നടത്തി, വൈദ്യുതി കണക്ഷനും ലഭ്യമാക്കി പദ്ധതി എത്രയുംവേഗം കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തിരുവേഗപ്പുറ പഞ്ചായത്തിൽ മോതിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കുന്നില്ല. ഇപ്പോൾ ജലസേചനം നടത്തിവരുന്ന തൃത്താല, പട്ടിത്തറ, കൂടല്ലൂർ, ആനക്കര, ഞങ്ങാട്ടിരി, തിരുമിറ്റക്കോട്, കാലടിക്കുന്ന്, നരിപ്പറ്റക്കുന്ന്, വെള്ളിയാങ്കൽ കടവ്, കൂട്ടക്കടവ്, ഉമ്മത്തൂർ എന്നീ പദ്ധതികൾക്ക് കഴിഞ്ഞ മൂന്നുവർഷമായി സാമ്പത്തിക ബുദ്ധിമുട്ടു കാരണം അറ്റകുറ്റപ്പണികൾ നടത്തുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അടിയന്തിരമായ പണികൾ പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. സുഗമമായ ജലവിതരണം സാധ്യമാകുന്നതിന് സമഗ്രമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഇതിനു തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്റെ പരിശോധന പൂർത്തിയാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പണികൾ പൂർത്തീകരിച്ച് ജല വിതരണം സുഗമമായി നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. പിന്നെ, ഈ ഇല്ക്ട്രിക്കൽ വിംഗ് ഷൊർണ്ണൂരിലേയ്ക്ക് മാറ്റാത്തതല്ല പ്രശ്നം, ഇതിനാവശ്യമായ കുറെ പണം പഞ്ചായത്തിലേക്ക് അലോട്ടു ചെയ്തു പോയതുകൊണ്ട്, അതിനു ചെലവാക്കാനുള്ള പണത്തെ സംബന്ധിച്ച് ഒരു ധാരണയില്ലാതെ വന്നതുകൊണ്ടാണ് അതിന്റെ പണികൾ കുറെ മന്ദഗതിയിലായത്. എന്തായാലും വളരെ വേഗം ചർച്ച ചെയ്ത് അതിനു പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(14) ചാക്കുതൊഴിലാളികൾക്ക് ക്ഷേമപദ്ധതി

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കാലിച്ചാക്ക് സംഭരണവും അതിന്റെ നന്നാക്കലും വിതരണവും രംഗത്തായി കേരളത്തിൽ ഏതാണ്ട് 40,000-ത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. വളരെ അനാരോഗ്യകരമായ ചുറ്റുപാടിൽ ജീവിക്കുന്ന തൊഴിലാളികളാണ് ഇവർ. കേരളത്തിലെ മാർക്കറ്റുകളുമായി ബന്ധപ്പെട്ടാണ് ഈ ചാക്കുസംഭരണവും വിതരണവും ചെയ്യുന്ന കേന്ദ്രങ്ങളും ആ മേഖലയിലുള്ള 40,000-ത്തോളം വരുന്ന തൊഴിലാളികളുമുള്ളത്. ഇതിൽ നല്ലൊരു പങ്ക് തൊഴിലാളികളും ഒരു വിധം പ്രായമെത്തിക്കഴിഞ്ഞാൽ മാരകമായ ക്ഷയരോഗം പോലുള്ള അസുഖങ്ങൾ പിടിപെട്ട് ചികിത്സയ്ക്കുപോലും നിവൃത്തിയില്ലാത്തവരായി മരിക്കുകയാണ് ചെയ്യുന്നത്. ഇവരെ സംബന്ധിച്ച് പറയുകയാണെങ്കിൽ അസംഘടിത മേഖലയിലെ ഈ തൊഴിലാളികൾക്ക് യാതൊരുവിധ ക്ഷേമപദ്ധതികളും ഇന്നുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഈ മേഖലകൾക്കുവേണ്ടി ഒരു ക്ഷേമപദ്ധതി ഏർപ്പെടുത്തുകയും അവർക്കാവശ്യമായ പെൻഷൻ സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly